**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2673** **22-01-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂരിൽ പട്ടികജാതി വകുപ്പിന് കീഴിൽ അനുവദിച്ച വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം പട്ടികജാതി വകുപ്പിന് കീഴിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര വീടുകളാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ; അതിൽ എത്രയെണ്ണത്തിന്റെ പണി പൂർത്തിയായി എന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി അനുവദിച്ച 233 വീടുകളിൽ 203 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വീടുകളുടെ നിർമ്മാണത്തിനായി എത്ര തുകയാണ് വകുപ്പ് ചെലവഴിച്ചതെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത വീടുകളുടെ നിർമ്മാണത്തിനായി 7,35,55,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതെ പട്ടികജാതി വികസന വകുപ്പ് സ്വന്തമായി എത്ര ഭവനങ്ങൾ നിർമ്മിച്ച നൽകിയെന്നും വ്യക്തമാക്കാമോ? | (സി) | വകുപ്പ് നടപ്പാക്കുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2016-17 വർഷം 14906 വീടുകളും 2017-18 വർഷം 8895 വീടുകളും അനുവദിച്ച നൽകിയിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായ 170 വീടുകളുടെ പുനർനിർമ്മാണത്തിനായും ധനസഹായം അനുവദിച്ചിട്ടുണ്ട്. അപ്രകാരം ആകെ അനുവദിച്ച 23971 വീടുകളിൽ 19931 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന് പുറമേ 2007-08 മുതൽ 2015-16 വരെ അനുവദിച്ചതിൽ നിർമ്മാണം പൂർത്തീകരിക്കാതെ വിവിധ ഘട്ടങ്ങളിൽ അവശേഷിച്ച 16360 വീടുകളിൽ 10144 വീടുകളും ഈ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ